# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾ

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 1426 06.03.18- ൽ മറുപടി നൽകേണ്ടത്

| | ചോദ്യം<br>ശ്രീ.എം.ഉമ്മർ | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയുമായി ബന്ധപ്പെട്ട തർക്കങ്ങൾക്ക് പരിഹാരം നൽകുന്നത് ഏത് ആക്റ്റിലെ വ്യവസ്ഥകൾക്ക് അനുസൃതമാണെന്ന് അറിയിക്കാമോ ; | (എ) | 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ്. |
| (ബി) | കേന്ദ്ര ആക്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പാസ്സാക്കിയ ആക്റ്റിലെ വ്യവസ്ഥകൾ പാലിച്ചു പോരുന്നുണ്ടോ ; ഉണ്ടെങ്കിൽ കാരണം വിശദമാക്കാമോ ; | (ബി), (സി) & (ഡി) | നിലവിലുണ്ടായിരുന്ന 2015-ലെ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ആക്റ്റ്, കേന്ദ്ര ആക്റ്റ് നിലവിൽ വന്നതിനെ തുടർന്ന് 2017 ജൂലൈ 15-ലെ ഓർഡിനൻസ് മുഖേന റദ്ദാക്കപ്പെട്ടു. തുടർന്ന് 2016-ലെ കേന്ദ്ര ആക്റ്റിനെ അടിസ്ഥാനമാക്കി കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ - രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | കേന്ദ്ര ആക്റ്റ് നിലവിൽ വന്ന സാഹചര്യത്തിൽ സംസ്ഥാനം പാസ്സാക്കിയ ആക്റ്റ് റദ്ദ് ചെയ്യാൻ കഴിയാത്തതിന്റെ സാഹചര്യം വിശദമാക്കാമോ; | | |
| (ഡി) | ഇത്തരത്തിൽ പരസ്പര വിരുദ്ധമായ രണ്ട് ആക്റ്റുകൾ ഒരേ വിഷയത്തിൽ നിലനിൽക്കുന്നത് മൂലം സർക്കാർ തലത്തിൽ എന്തെങ്കിലും പ്രതിസന്ധികൾ നേരിടുന്നുണ്ടോ; | | |

സെക്ഷൻ ഓഫീസർ